

സ്വാതന്ത്ര്യദിന-സ്വർഗ്ഗാരോപണ ആശംസകൾ!

യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ നീലാകാശം

■ **മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

ഭാരതത്തിന്റെ 69-ാം സ്വാതന്ത്ര്യദിനത്തിന്റെ സുവർണ്ണപ്രഭയിൽ ഭാരതദർശനം ഒരു പുനർചിന്തനത്തിന് വിധേയമാവുകയാണ്. 68 വർഷങ്ങളിലെ സ്വതന്ത്രജീവിതം സമ്മാനിച്ച നേട്ടങ്ങളും, സ്വാതന്ത്ര്യസമരസേനാനികൾ അഹിംസാവിപ്ലവത്തിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യം ശുദ്ധവായുവിന്റെ സംരക്ഷണത്തിലും വികാസത്തിലും വന്നുചേർന്ന ജയാപജയങ്ങളും ഒരു പൗരന്റെ കണ്ണോടുകൂടി കാണാനും വിമർശനങ്ങൾക്കപ്പുറം ക്രിയാത്മകമായ കർമ്മപരിപാടികളിലേക്ക് ഊളിയിട്ടിറങ്ങാനും ഭാരതീയനെ പ്രേരിപ്പിക്കുന്ന ദിനം. ഭാരതക്രൈസ്തവരെ സംബന്ധിച്ച് ഈ ദിവസത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന്റെ ആഘോഷം എന്നതുപോലെ മാനവമക്കളുടെ മുഴുവൻ മാതാവായ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ കൂടി അനുസ്മരണമാണ് ആഗസ്റ്റ് 15. പ്രാപിച്ച സ്വാതന്ത്ര്യവും പ്രാപിക്കേണ്ട സ്വാതന്ത്ര്യവും തമ്മിലുള്ള ഒരു താരതമ്യപഠനത്തിന്റെ നിമിഷം.

ചില അടിച്ചമർത്തലുകളിൽ നിന്നുള്ള മോചനം എന്നു സ്വാതന്ത്ര്യത്തെ പ്രായോഗികമായി വിളിക്കാമെങ്കിലും വളരെ ദാർശനികമായും വിശ്വാസാധിഷ്ഠിതമായും നാം സമീപിക്കേണ്ട ഒരു യാഥാർത്ഥ്യമാണ് സ്വാതന്ത്ര്യം എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യദിനത്തെക്കുറിച്ചുള്ള ഒരു പ്രഭാഷണത്തിൽ ശ്രീ. സുകുമാർ അഴീക്കോട് സൂചിപ്പിച്ചു,"സ്വതന്ത്രമായ മനസ്സ് ഈ രാജ്യത്ത് തിങ്ങിനിറഞ്ഞപ്പോൾ ഇവിടെ സ്വാതന്ത്ര്യത്തിന്റെ അധീശ ശക്തികൾക്ക് സ്ഥാനമില്ലാതെ വന്നു. അതാണ് സ്വാതന്ത്ര്യദിനം." സ്വാതന്ത്ര്യമെന്നുള്ളത് മനസ്സിന്റെ സ്വാതന്ത്ര്യമാണ്; അതൊരു ബോധ്യമാണ്. അടിമത്തങ്ങൾ സൃഷ്ടിക്കുന്നു എന്ന തോന്നലുളവാക്കുന്ന ഭൗതിക സാഹചര്യങ്ങൾക്കു മദ്ധ്യത്തിലും സ്വതന്ത്രമായി ജീവിക്കാൻ കഴിയുക മനോഹരമാണ്. ലോകചരിത്രത്തിലെ ഏറ്റവും വലിയ സ്വാതന്ത്ര്യ കഥ പറയുന്നത് വി. ബൈബിളാണ്. ഇസ്രായേൽ ജനതയുടെ നൂറ്റാണ്ടുകൾ നീണ്ട അടിമത്തങ്ങളുടെയും മോചനങ്ങളുടെയും തുടർപ്രവാസങ്ങളുടെയും സംഭവബഹുലമായ ചരിത്രവശങ്ങൾ ബൈബിളിന്റെ ഏടുകളിൽ ഒളിഞ്ഞിരിപ്പുണ്ട്. എന്നാൽ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകൾക്ക് അതീതമായി ക്രിസ്തു ഇസ്രായേൽജനത്തിനു മുമ്പിൽ അവതരിപ്പിച്ച സ്വാതന്ത്ര്യദർശനം യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' (യോഹ. 8:32). ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ ആധികാരികതയിൽ നിന്നാണ് ഈ സ്വാതന്ത്ര്യദർശനം ഉടലെടുക്കുന്നത്. 'നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.' മനസ്സിന്റെ സ്വാതന്ത്ര്യത്തിനും അപ്പുറത്തുള്ള ഒരു ആദ്ധ്യാത്മിക മണ്ഡലത്തിലേക്കു ക്രിസ്തു സ്വാതന്ത്ര്യദർശനത്തെ വളർത്തുന്നു. അവിടെനിന്നു കൂട്ടി വായിക്കപ്പെടേണ്ട ഒരു വിജയമുണ്ട്. തന്റെ അഹങ്കാരത്തിന്റെ പേരിൽ പറുദീസയിൽ നിന്നു പടിയിറക്കപ്പെട്ട മനുഷ്യൻ അതിന്റെ പരിണിതഫലമായി അനുഭവിക്കേണ്ടി വന്ന യാതനകൾക്കൊടുവിൽ, എളിമയെന്ന പുണ്യത്തിന്റെ നിരന്തരമായ അഭ്യസനത്തിലൂടെ ദൈവകൃപയിലൂടെ ദൈവഹിതം പൂർത്തിയാക്കി സ്വർഗ്ഗം പ്രാപിച്ച ഒരു മനുഷ്യസ്ത്രീയുടെ വിജയം. അതാണ് സ്വർഗ്ഗാരോപണമെന്ന സ്വാതന്ത്ര്യ ആഘോഷം. അതിനാൽത്തന്നെ സ്വാതന്ത്ര്യസങ്കൽപ്പങ്ങളും ദർശനങ്ങളും നിർവചനങ്ങളും ഭൗതികതയിൽ ഒതുങ്ങേണ്ടവയല്ല. അവയ്ക്ക് ഭൗതികതയ്ക്കതീതമായ ഒരു മാനസികതലമുണ്ടെങ്കിലും അതിനുമപ്പുറം ഒരു ആദ്ധ്യാത്മിക മേഖലയുണ്ട്. അടിമത്തം മാനസികതയിലാണ് നിഴലിക്കുന്നതെങ്കിലും സ്വാതന്ത്ര്യത്തിന്റെ പൂർത്തീകരണം ദൈവികതയിലാണ്.

സ്വാതന്ത്ര്യമെന്നുള്ളത് മനസ്സിന്റെ സ്വാതന്ത്ര്യമാണ്; അതൊരു ബോധ്യമാണ്. അടിമത്തങ്ങൾ സൃഷ്ടിക്കുന്നു എന്ന തോന്നലുളവാക്കുന്ന ഭൗതികസാഹചര്യങ്ങൾക്കു മദ്ധ്യത്തിലും സ്വതന്ത്രമായി ജീവിക്കാൻ കഴിയുക മനോഹരമാണ്.

മനസ്സിന്റെ സ്വാതന്ത്ര്യത്തിനും അപ്പുറത്തുള്ള ഒരു ആദ്ധ്യാത്മിക മണ്ഡലത്തിലേക്കു ക്രിസ്തു സ്വാതന്ത്ര്യദർശനത്തെ വളർത്തുന്നു.

യഥാർത്ഥ സ്വാതന്ത്ര്യദർശനം അവതരിപ്പിക്കുന്ന വി. ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു തന്നെ സ്വാതന്ത്ര്യത്തെ പുനർവിചിന്തനത്തിന് വിധേയമാക്കാനും ഭാരതസ്വാതന്ത്ര്യത്തെ വിലയിരുത്തുവാനും പരി. അമ്മ മാനവകുലത്തിന് എങ്ങനെ മാതൃകയാവുന്നു എന്ന് പരിശോധിക്കുവാനുമുള്ള ഒരു പരിശ്രമമാണ് ഈ ലേഖനം.

എന്താണ് സ്വാതന്ത്ര്യം?

സ്വാതന്ത്ര്യം എന്താണെന്നുള്ളത് ഒരു സ്വതന്ത്ര അന്വേഷണത്തിനും വിശകലനത്തിനും വിധേയമാകേണ്ട സമയമായി. കാരണം, അങ്ങനെയൊരു പരിശോധന നടത്തിയില്ലെങ്കിൽ നാമനുഭവിക്കുന്നത് യാഥാർത്ഥ സ്വാതന്ത്ര്യമാണോ എന്നു തിരിച്ചറിയാൻ കഴിയാതെ പോകും. യഥാർത്ഥ സ്വാതന്ത്ര്യദർശനം അവതരിപ്പിക്കുന്ന വി. ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു തന്നെ സ്വാതന്ത്ര്യത്തെ പുനർവിചിന്തനത്തിന് വിധേയമാക്കാനും ഭാരതസ്വാതന്ത്ര്യത്തെ വിലയിരുത്തുവാനും പരി. അമ്മ മാനവകുലത്തിന് എങ്ങനെ മാതൃകയാവുന്നു എന്ന് പരിശോധിക്കുവാനുമുള്ള ഒരു പരിശ്രമമാണ് ഈ ലേഖനം.

(ശേഷം 17-ാം പേജിൽ)

(1-ാം പേജ് തുടർച്ച)

യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ നീലാകാശം

1. എല്ലാവരും ജീവിക്കാൻ അർഹതയുള്ളവരാണ്

"Everyman is worth to live'' എന്നതാണ് വി. ഗ്രന്ഥം മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന സ്വാതന്ത്ര്യദർശനം. ദൈവത്തിന് ആരേയും ഉപേക്ഷിക്കാനാവില്ല. താൻ സൃഷ്ടിച്ച ഒരുവനും ഇവിടെ ആവശ്യമില്ല, അവനൊരു ഭാരമാണ് എന്ന് ചിന്തിക്കാൻ ദൈവത്തിന് സാധിക്കില്ല. ഇപ്രകാരമൊരു ബോധ്യം നമ്മുടെ സ്വാതന്ത്ര്യസമരസേനാനികൾക്കും ആദ്യകാല ഭരണകർത്താക്കൾക്കും ഉണ്ടായിരുന്നു. ആ അവബോധം ഇന്നത്തെ തലമുറയ്ക്കും സമൂഹത്തിനും ഭരണകൂടത്തിനും കാത്തുസൂക്ഷിക്കാൻ കഴിയുന്നുണ്ടോ എന്നുള്ളതാണ് സ്വതന്ത്രഭാരതത്തിനു മുമ്പിലെ ആദ്യ ചോദ്യം. ജാതിയുടെയോ മതത്തിന്റെയോ വർഗ്ഗത്തിന്റെയോ വർണ്ണത്തിന്റെയോ പേരിലുള്ള വിവേചനങ്ങളും അസമത്വങ്ങളും അവസാനിപ്പിക്കേണ്ടതും ഇക്കാരണത്താലാണ്. ഏതു പീഡനങ്ങളുടേയും അടിമത്തങ്ങളുടേയും മദ്ധ്യത്തിൽ ദൈവം ഇസ്രായേലിനു നല്കുന്ന ഒരു ഉറപ്പുണ്ട്. "നീ എനിക്ക് അമൂല്യനും ബഹുമാന്യനും പ്രിയങ്കരനുമാണ്" (ഏശ. 43:4). ഈ ഉറപ്പ് ഭാരതത്തിലെ എല്ലാ പൗരന്മാർക്കും ഒരുപോലെ നല്കുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യം പൂവണിയുന്നത്.

ഒരുവൻ അന്യമതസ്ഥനാണ് എന്നത് മരണകരമായ കുറ്റമായി കാണരുത്; തങ്ങളുടെ നിലനില്പിനുവേണ്ടി കോർപ്പറേറ്റ് താല്പര്യങ്ങൾക്കെതിരെ ശബ്ദമുയർത്തുന്ന ജനത ഒഴിവാക്കപ്പെടേണ്ടവരായി മാറരുത്; ഭരണകൂടത്തിന്റെ അഭിപ്രായങ്ങൾക്കു വിരുദ്ധമായി ഉയരുന്ന ശബ്ദം നിലയ്ക്കേണ്ടതായി ചിന്തിക്കരുത്. അടിസ്ഥാനപരമായി സ്വാതന്ത്ര്യം എന്നത് എല്ലാവരേയും ഉൾക്കൊള്ളാനുള്ള ഹൃദയവിശാലതയാണ്. ഓരോരുത്തരും ജീവിക്കണം. അഭിമാനത്തോടെ ജീവിക്കണം എന്ന നിലപാടെടുത്ത പരി. അമ്മ തന്നെ ഈ സ്വാതന്ത്ര്യബോധം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. കാനായിലെ കല്യാണവിരുന്നിൽ ആതിഥേയൻ അപമാനിതനാകാതെ, ജീവിക്കാൻ അർഹതയുള്ളവനാണ് എന്ന തിരിച്ചറിവിൽനിന്നാണ് ആദ്യ മദ്ധ്യസ്ഥപ്രാർത്ഥന ഉയരുന്നത്. ഗുരു നഷ്ടപ്പെട്ട്, യഹൂദരുടെ ഭീഷണികൾക്കു മുമ്പിൽ പതറിപ്പോകുന്ന ശിഷ്യസമൂഹം ജീവിക്കാൻ അർഹതയുള്ളവരാണ് എന്ന തിരിച്ചറിവിൽനിന്നാണ് സെഹിയോൻ ശാലയിലെ ആദ്യ പ്രാർത്ഥനാകൂട്ടായ്മ ഉടലെടുക്കുന്നത്.

ഇങ്ങനെ വിശാലമായ ഒരു സ്വാതന്ത്ര്യനിർവചനം നമ്മുടെ മുമ്പിലുള്ളപ്പോൾ ഭരണകൂടത്തിന്റെ മൗനാനുവാദത്തോടെ നടക്കുന്ന കപട ഏറ്റുമുട്ടലുകളും, ഘർവാപസികളുടെ പിന്നിലൂടെ വരുന്ന ഭീഷണികളും, അപരനെ കൊല്ലുന്നതാണ് ദൈവേഷ്ടം എന്ന് പ്രഖ്യാപിക്കുന്ന ജിഹാദികളും സ്വാതന്ത്ര്യത്തിനു വലിയ വെല്ലുവിളികളാണ്. അതുപോലെ, ദേശീയതലത്തിൽ മനുഷ്യവ്യക്തിയുടെ അവകാശങ്ങൾക്കെതിരെ നടക്കുന്ന അതിക്രൂരകടന്നുകയറ്റമായ ഭ്രൂണഹത്യാ ബില്ലിനെതിരെ ഇവിടുത്തെ ബുദ്ധിജീവികളുടെ ശബ്ദമൊന്നും ഉയരാത്തതിൽ ഏറെ ആശങ്ക ജനിക്കേണ്ടതുണ്ട്. തെരുവോരങ്ങളിലൊരിക്കലും ഇറങ്ങി നടക്കാതെ തെരുവിലെ നായ്ക്കളുടെ സംരക്ഷണത്തിനായി മുറവിളി കൂട്ടുന്ന മൃഗസ്നേഹികളും പട്ടണങ്ങളുടെ വശ്യതയിൽനിന്നും പിൻവലിയാൻ മടിക്കുന്ന പരിസ്ഥിതി സ്നേഹികളും ഏറെയുള്ള ഈ നാട്ടിൽ ജീവിക്കാനുള്ള ഈ മനുഷ്യക്കുഞ്ഞുങ്ങളുടെ അവകാശത്തെ ധ്വംസിക്കുന്നതും ഒരു സ്വാതന്ത്ര്യലംഘനമാണ്. ഒരു മനുഷ്യഭ്രൂണത്തെ അതെത്രമാത്രം അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും ജനിപ്പിക്കുന്നതായാലും സംരക്ഷിക്കാൻ മെനക്കെടാതെ, പ്രശ്നങ്ങളും അസ്വസ്ഥതകളും മുറിവേല്പിക്കപ്പെടാവുന്നതുമായ മറ്റു ജീവികളെ സംരക്ഷിക്കണമെന്നു നമുക്കെങ്ങനെ ആത്മാർത്ഥമായി വാദിക്കാനാവും. Laudato Si-യിൽ ഫ്രാൻസീസ് മാർപാപ്പ പറയുന്നു: Concern for the protection of nature is incompatible with the justification of abortion (P.120). ബനഡിക്ട് പാപ്പ Caritas in Veritate-യിൽ പറയുന്നു: പുതുജീവനെ സ്വീകരിക്കാനുള്ള സമൂഹത്തിന്റെയോ വ്യക്തിയുടെയോ സംവേദന ശക്തി നഷ്ടപ്പെടുമ്പോൾ സമൂഹത്തിനു വിലയേറിയതായി തോന്നിയേക്കാവുന്ന സ്വീകാര്യതയുടെ മറ്റു പല രൂപങ്ങളും നശിക്കും (Caritas in Veritate 28). ജീവനെയും ജീവിതങ്ങളെയും ബഹുമാനിക്കുകയും സഹായിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥ സ്വാതന്ത്ര്യം നമുക്കു ലഭിക്കും.

2. സ്വാതന്ത്ര്യം ബന്ധമാണ്

ബന്ധങ്ങൾ ഭാരമാകുന്നതാണ് പാരതന്ത്ര്യം. എന്നാൽ ബന്ധങ്ങൾ സന്തോഷകരവും ലളിതവുമായാൽ അതു സ്വാതന്ത്ര്യമാകും. ബന്ധങ്ങളിലെ ഊഷ്മളതയും സുതാര്യതയും പലതലങ്ങളിലും നഷ്ടപ്പെടുന്നുവോ എന്നതാണ് ഭാരതം ആത്മവിചിന്തനം നടത്തേണ്ട അടുത്ത ചോദ്യം. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അകലം, ഉദ്യോഗസ്ഥരും ആവശ്യക്കാരും തമ്മിലുള്ള അകലം. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള അകലം, പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അകലം, അയൽക്കാർ തമ്മിലുള്ള അകലം ഇതെല്ലാം ഭാരതത്തിന്റെ സ്വതന്ത്രാത്മാവിനെ മുറിപ്പെടുത്തുന്നു എന്നതിൽ സംശയിക്കേണ്ട. കാലഘട്ടം അതിന്റെ പ്രയാണത്തിൽ മനുഷ്യനെ നിപുണനാക്കിയത് സ്വാർത്ഥതയിലാണ് എന്ന് ചിന്തിക്കേണ്ടിവരും. ഒരിക്കൽ ഗാന്ധിജി പറഞ്ഞു: 'നിങ്ങൾ ഒരു വസ്തുവിനെ മാത്രമെ കാണാൻ പാടില്ലാത്തതുള്ളൂ. അത് നിങ്ങളെ തന്നെയാണ്. ചുറ്റുമുള്ള പാവങ്ങളെ കാണണം.' ഇത് വ്യക്തിബന്ധങ്ങളെ കൂടുതൽ ആഴപ്പെടുത്തുന്നതിനും സ്വാർത്ഥതയെ ഇല്ലായ്മ ചെയ്യുന്നതിനും ഗാന്ധിജി പറഞ്ഞതാണ്. എന്നാൽ ബന്ധങ്ങളിലെ ഏറ്റവും പ്രായോഗികമായ ഒരു തലം ക്രിസ്തുവിന്റെ പ്രബോധനത്തിലുണ്ട്: 'മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ' (മത്താ. 7:12). എല്ലാ ബന്ധങ്ങളിലും ഈ നിലപാടെടുത്താൽ ഭാരതം കൂടുതൽ മനോഹരമാകും. ഒരു പൗരനെന്ന നിലയിൽ മാനിക്കപ്പെടണമെന്ന് നമുക്കാഗ്രഹമുണ്ടെങ്കിൽ മറ്റുള്ളവരെ ബഹുമാനിക്കുന്ന സംസ്കാരം നമുക്കുണ്ടാകണം. ചൂഷണം ചെയ്യപ്പെടരുത് എന്നു നീ ആഗ്രഹിക്കുന്നെങ്കിൽ മറ്റുള്ളവരെ ചൂഷണം ചെയ്യുന്ന മനോഭാവം അവസാനിപ്പിക്കണം. കൈക്കൂലിക്കെതിരെ നീ പടപൊരുതുന്നെങ്കിൽ അതിന് അനുകൂലമായ സാഹചര്യങ്ങൾ നാം ഉപേക്ഷിക്കണം. ഈ തത്ത്വത്തിന്റെ പ്രായോഗികത നീളുന്നു. ഇത് മാനുഷിക ബന്ധങ്ങളിലെ സ്വാതന്ത്ര്യത്തിന്റെ തലം. ഇതിന്റെ ആത്മീയതലം അതിലും ശ്രദ്ധേയമാണ്.

വിശാലമായ ഒരു സ്വാതന്ത്ര്യത്തേക്കാൾ സങ്കുചിതമായ ചില തലങ്ങളിലേക്ക് സ്വാതന്ത്ര്യം ഒതുങ്ങുന്നത് നമ്മുടെ പാരതന്ത്ര്യത്തിന്റെ പുതിയ വശങ്ങളാണ്. ഇവിടെ വർദ്ധിച്ചു വരുന്ന ലഹരി സംസ്കാരം. വിദ്യാർത്ഥികളിലേക്കു വരെ വ്യാപിച്ചിരിക്കുന്നു എന്നത് ഭയാനകമാണ്. മനുഷ്യന്റെ ക്രിയാത്മകതയെയും സർഗശേഷിയെയും നശിപ്പിക്കത്തക്കവിധത്തിൽ മാധ്യമസ്വാധീനം വളർന്നിരിക്കുന്നു. സമയത്തെ ഹനിക്കുന്ന മൊബൈൽ സംഭാഷണങ്ങളും സീരിയൽ അതിപ്രസരവും ഇവിടത്തെ നിത്യകാഴ്ചയായി മാറുന്നു.

ആദ്യ അടിമത്തം ആരംഭിക്കുന്നത് ബന്ധത്തകർച്ചയിലാണ്. പറുദീസായുടെ സ്വച്ഛതയിൽ എല്ലാ ബന്ധങ്ങളുടെയും മകുടമായി ദൈവം സൃഷ്ടിച്ച മനുഷ്യൻ അവന്റെ സ്വാർത്ഥതയെ പ്രണയിക്കാൻ തുടങ്ങിയപ്പോൾ ബന്ധം നഷ്ടമായി. അടിമത്തം കടന്നുവന്നു. ഈ അടിമത്തം അവനെ ശത്രുതയിലേക്ക് നയിച്ചു. ദൈവവും പ്രകൃതിയും സഹോദരനും എല്ലാം ശത്രുക്കളായി. എന്നാൽ ആദ്യകാലസ്വാതന്ത്ര്യത്തിലേക്കുള്ള മനുഷ്യന്റെ മടക്കയാത്രയാണ് മനുഷ്യപുത്രനായിത്തീർന്ന ഈശോയിലൂടെ നടന്നത്. ദൈവത്തിന്റെ ഹിതത്തിന് പൂർണ്ണമായ 'ഫിയാത്ത്' പറഞ്ഞ് ആദ്യകാലബന്ധത്തിലേക്ക് കളങ്കപൂർണ്ണമായ മനുഷ്യവർഗത്തിന്റെ ഏകാഭിമാനമായ കന്യകാമറിയത്തിന്റെ തിരിച്ചുനടത്തം ബന്ധത്തിന്റെ കൂട്ടിയിണക്കലിന് സഹായിച്ചു. അവിടെയാണ് നഷ്ടപ്പെട്ട സ്വർഗത്തിലേക്കുള്ള പ്രവേശനത്തിന്റെ മാധുര്യവും പ്രസക്തിയും വ്യക്തമാകുന്നത്. കൂട്ടിയിണക്കുന്ന ബന്ധങ്ങളിൽ സ്വാതന്ത്ര്യം ഉടലെടുക്കും. സമൂഹത്തിന്റെയും രാജ്യത്തിന്റെയും അടിസ്ഥാനഘടകമായ കുടുംബബന്ധങ്ങളിലെ വിള്ളലുകളെ എപ്രകാരം നിത്യമായ വേർപ്പെടുത്തലിലേക്ക് നയിക്കാം എന്ന് ചിന്തിക്കുന്നതിനുപകരം എങ്ങനെ അവയെ കൂട്ടിയിണക്കി നയിക്കാം എന്ന ചിന്തയാണ് ഭാരതസ്വാതന്ത്ര്യത്തിന് ആവശ്യം.

3 ബുദ്ധിയുടെ പക്വതയാർന്ന വികസനം

സത്യം അറിയാനും അന്വേഷിക്കാനും കണ്ടെത്താനുമുള്ള ധൈഷണികശക്തിയെ പ്രോത്സാഹിപ്പിക്കുമ്പോഴാണ് യഥാർത്ഥസ്വാതന്ത്ര്യം രൂപപ്പെടുന്നത്. സ്വന്തം അഭിപ്രായത്തിന് വിരുദ്ധമായി ഉയരുന്ന ശബ്ദത്തെ ഇല്ലായ്മ ചെയ്തേ മതിയാകൂ എന്ന ദുർവിചാരം പാരതന്ത്ര്യത്തിന്റെ അടുത്ത ഘട്ടം കൊണ്ടുവന്നു തരും.

വിജ്ഞാന സ്വാതന്ത്ര്യം (Intellectual Freedom) സ്വാതന്ത്ര്യത്തിന്റെ നല്ലൊരു അളവുകോലാണ്. ഈ വിജ്ഞാന സ്വാതന്ത്ര്യം യഥാവിധി സൂക്ഷിക്കാൻ ഭരണകർത്താക്കളും ഉത്തരവാദിത്വപൂർണ്ണമായി ഉപയോഗിക്കാൻ സത്യാന്വേഷകരും ശ്രമിക്കുമ്പോൾ സ്വാതന്ത്ര്യം കൂടുതൽ പ്രകാശപൂർണ്ണമാകും. തങ്ങൾ പിഞ്ചെല്ലുന്ന ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും വിദ്യാഭ്യാസമേഖലയിലൂടെ മാത്രം പകർന്നുനൽകാനും ആശയധ്രുവീകരണം ഉണ്ടാക്കി ഏകപക്ഷീയ ചിന്താഗതിക്കാരെ സൃഷ്ടിക്കാൻ ശ്രമിക്കുന്നതും ബൗദ്ധിക അടിമത്തമാണ്. ഇത് പാപ്പരത്തവുമാണ്. ഉന്നതമായ ചിന്തകൾ ഉള്ളവർക്കേ ഉന്നതമായത് പകർന്ന് നൽകാൻ കഴിയൂ. വിദ്യാഭ്യാസത്തിന്റെ പേരിൽ നടക്കുന്ന അഴിമതികളും ശ്രദ്ധിക്കാതെ പോകാനാവില്ല. സത്യത്തിന്റെ പുതിയ വിഹായസ്സിലേക്ക് നയിക്കേണ്ട ഇടങ്ങൾ പോലും അസത്യത്തിന്റെ കർമ്മമണ്ഡലങ്ങളാകുന്നു. ചില പ്രഖ്യാപിത ആശയങ്ങൾ നടപ്പാക്കാനായി ഭാരതത്തിന്റെ അഭിമാനമായ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെ നിയമനം അട്ടിമറിക്കുന്നതും എന്തു വിലകൊടുത്തും ഒരു മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളെ പാഠ്യപദ്ധതിയിൽ കുത്തിനിറയ്ക്കുന്നതും ബൗദ്ധിക സ്വാതന്ത്ര്യത്തിന്റെ വെല്ലുവിളികൾ തന്നെയാണ്. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ഉണ്ടാകുന്ന ചില ധ്രുവീകരണങ്ങൾ ആശങ്കയോടെയാണ് നിരീക്ഷിക്കുന്നത്. കേരളത്തിന്റെ ചരിത്രത്താളുകളിൽ സുവർണ്ണ ലിപികളിൽ എഴുതപ്പെട്ടിട്ടുള്ള ക്രൈസ്തവസംഭാവനകൾ; പ്രത്യേകിച്ച് വി. ചാവറയച്ചന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള വിദ്യാഭ്യാസ വിപ്ലവങ്ങൾ, ക്രൈസ്തവർ നേതൃത്വം നൽകിയ കാർഷിക വിപ്ലവങ്ങൾ, കുടിയേറ്റങ്ങൾ, സാമ്പത്തികമേഖലയിലെ സുസ്ഥിരവികസനം മുന്നിൽ കണ്ടുകൊണ്ടുള്ള ബാങ്കുകളുടെ രൂപീകരണം, പാവങ്ങളോട് പക്ഷംചേർന്നുള്ള സമരങ്ങൾ, ആരോഗ്യമേഖലയിലെ സമഗ്ര സംഭാവനകൾ ഇവയെക്കുറിച്ചെല്ലാം പൊതുസമ്മേളനങ്ങളിൽ മുക്തകണ്ഠം പ്രശംസിക്കുന്ന ജനപ്രതിനിധികളും നേതാക്കളും, എന്നാൽ ഇവ കേരള ചരിത്രപുസ്തകത്തിലേക്ക് എഴുതി ചേർക്കേണ്ടതാണ് എന്ന് ചിന്തിക്കാത്തത് ബൗദ്ധിക പാരതന്ത്ര്യത്തിന്റെ ഒരു വശമായി കാണണം. ബോദ്ധ്യങ്ങൾ ഉണ്ടായിട്ടും വോട്ടുബാങ്കിനോടുള്ള അമിതഭയംകൊണ്ടോ മറ്റുള്ളവരുടെ നന്മയെ അംഗീകരിക്കാനുള്ള വിശാല മനസ്സ് ഭരണകർത്താക്കൾക്ക് ഇല്ലാത്തതുകൊണ്ടോ ഇന്നും വിലപ്പെട്ട ക്രൈസ്തവസംഭാവനകൾ വയലിലെ നിധി പോലെ ഒളിഞ്ഞു കിടക്കുന്നു.

4 അടിമത്തത്തിന്റെ നൂതനഭാവങ്ങൾ

സ്വാതന്ത്ര്യത്തിന്റെ വിവിധ തലങ്ങൾ സ്വതന്ത്ര്യമായ വിലയിരുത്തലിന് വിധേയമാകുമ്പോൾ സ്വാഭാവികമായും പരിശോധിക്കേണ്ട ഒരു വശമുണ്ട്. നാം ഏതെങ്കിലും അടിമത്തം അനുഭവിക്കുന്നുണ്ടോ? അടിമത്തത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് അടിമത്തമാണെന്ന പ്രതീതി പലപ്പോഴും ജനിപ്പിക്കുന്നില്ല എന്നതാണ്. സ്വാതന്ത്ര്യത്തിലേക്കുള്ള ക്ലേശകരമായ യാത്രയിലുണ്ടായ പ്രതിസന്ധികളിൽ ഇസ്രായേൽ ജനം സന്തോഷിച്ചത് ലഭിക്കാനിരിക്കുന്ന സ്വാതന്ത്ര്യത്തിലല്ല; മറിച്ച് ഈജിപ്തിലെ അടിമത്തത്തിന്റെ ഇറച്ചിപാത്രങ്ങളിലാണ്. വിശാലമായ ഒരു സ്വാതന്ത്ര്യത്തേക്കാൾ സങ്കുചിതമായ ചില തലങ്ങളിലേക്ക് സ്വാതന്ത്ര്യം ഒതുങ്ങുന്നത് നമ്മുടെ പാരതന്ത്ര്യത്തിന്റെ പുതിയ വശങ്ങളാണ്. ഇവിടെ വർദ്ധിച്ചു വരുന്ന ലഹരി സംസ്കാരം വിദ്യാർത്ഥികളിലേക്കു വരെ വ്യാപിച്ചിരിക്കുന്നു എന്നത് ഭയാനകമാണ്. മനുഷ്യന്റെ ക്രിയാത്മകതയെയും സർഗശേഷിയെയും നശിപ്പിക്കത്തക്കവിധത്തിൽ മാധ്യമസ്വാധീനം വളർന്നിരിക്കുന്നു. സമയത്തെ ഹനിക്കുന്ന മൊബൈൽ സംഭാഷണങ്ങളും സീരിയൽ അതിപ്രസരവും ഇവിടത്തെ നിത്യകാഴ്ചയായി മാറുന്നു. തകരുന്ന ബന്ധങ്ങൾ ഭയാശങ്ക ഉണർത്തുന്നു; പ്രത്യേകിച്ച് കുടുംബബന്ധങ്ങൾ. മക്കളും മാതാപിതാക്കളും, അദ്ധ്യാപകരും വിദ്യാർത്ഥികളും, ഭരണകൂടവും ഭരിക്കപ്പെടുന്നവരും ഇതെല്ലാം ബന്ധത്തിന്റെ പുനർവായനാവിഷയമാക്കണം. അതുപോലെ തന്നെ ദൈവ-മനുഷ്യബന്ധത്തിലും ഈ പുനർവായന സംഭവിക്കണം. ചാനലുകളുടെയും വാർത്താ മാധ്യമങ്ങളുടെയും അതിപ്രസരവും അവ തമ്മിലുള്ള കിടമത്സരവും ഇവിടെ ഒരു അടിമത്തം സൃഷ്ടിക്കുന്നുണ്ട്. സത്യമെന്നു തോന്നത്തക്കവിധത്തിൽ അസത്യത്തെയും അർദ്ധസത്യങ്ങളെയും മനുഷ്യമനസ്സിൽ അടിച്ചുകയറ്റുന്നത് പാരതന്ത്ര്യത്തിന്റെ പുതിയ മുഖമാണ്.

ഇതിൽ നിന്നൊരു മോചനത്തിന്റെ യഥാർത്ഥവക്താവായിട്ടാണ് പരിശുദ്ധ മറിയം നിൽക്കുന്നത്. ലോകചരിത്രത്തിലെ ഏറ്റവും മനോഹരമായ സ്വാതന്ത്ര്യഗീതം മറിയത്തിന്റെ സ്തോത്രഗീതമാണ്. ദൈവ-മനുഷ്യബന്ധത്തിന്റെയും സ്നേഹഗീതി പരിശുദ്ധ കന്യകാമറിയത്തിന്റെ അധരത്തിൽ നിന്നുയരുമ്പോൾ ആദ്ധ്യാത്മിക പാരതന്ത്ര്യത്തിന്റെ ചങ്ങലകളെ ഭേദിക്കുന്ന ഒരു വിപ്ലവ ഗാനമായും അതിനെ കാണണം. കാലഘട്ടത്തിന്റെ അടിമത്തനുകങ്ങൾക്ക് കീഴടങ്ങാതെ, യഥാർത്ഥസ്വാതന്ത്ര്യം തനിക്ക് അനുഭവവേദ്യമാക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യവും സാമീപ്യവുമാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ കാതൽ. അതാണ് ഈ സ്വർഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും സന്ദേശം. ■